പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5205 05.07.2012 -ലെ മറുപടി

വടകര - തൊട്ടിൽപ്പാലം ചെയിൻ സർവ്വീസ്

ചോദ്യം

ശ്രീമതി. കെ. കെ. ലതിക

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. വടകര - തൊട്ടിൽപ്പാലം ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ എന്തൊക്കെയാണ്; | (എ) | കെ.എസ്.ആർ.ടി.സി. വടകര - തൊട്ടിൽപ്പാലം ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിനായി 6 ഷെഡ്യൂളുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ ചെയിൻ സർവ്വീസിനാവശ്യമായ 6 ബസ്സും ജീവനക്കാരും ഒരുമിച്ച് ലഭ്യമാകാത്തതുകൊണ്ടാണ് സർവ്വീസ് ആരംഭിക്കുവാൻ കഴിയാതിരിക്കുന്നത്. സ്വകാര്യബസ്സുകളുടെ ആധിക്യമുള്ള ഈ റൂട്ടിൽ ചെയിൻ സർവ്വീസിനുള്ള സാധ്യത മൊത്തതിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടിയിരിക്കുന്നു. |
| (ബി) | ഈ ആവശ്യത്തിന് എത്ര ബസ്സുകൾ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (ബി) | 6 ബസ്സുകൾ |
| (സി) | ഡീസൽ പമ്പ് സ്ഥാപിക്കുന്നതിന് എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (സി) | ഓയിൽ കമ്പനിയുടെ ചുമതലയിലാണ് ഡീസൽ പമ്പ് സ്ഥാപിക്കുന്നത്. ഇതിനുവേണ്ട ചെലവുകൾ വഹിക്കുന്നതും ഓയിൽകമ്പനികളാണ്. കോർപ്പറേഷൻ ഇക്കാര്യത്തിനായി Explosive license, Regulatory license എന്നിവ നേടുന്നതിന് ഏകദേശം 8,000/- രൂപ മാത്രമാണ് ചെലവഴിക്കേണ്ടത്. |
| (ഡി) | പമ്പ് സ്ഥാപിക്കുന്നതിന് പ്രസ്തുത ഡിപ്പോകളിൽ ഏതിലാണ് സൗകര്യമെന്ന് കണ്ടെത്തിയിട്ടുണ്ടോ? | (ഡി) | തൊട്ടിൽപ്പാലം ഡിപ്പോയിൽ ഡീസൽ പമ്പ് സ്ഥാപിക്കുന്നതാണ് സൗകര്യപ്രദം. |

സെക്ഷൻ ഓഫീസർ